**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393

തീയതി. 24 .03. 2023

## "കൈക്കൂലി വാങ്ങുന്നതിനിടെ കൃഷി അസിസ്റ്റന്റ് വിജിലൻസ് പിടിയിലായി"

നിലം നികത്തു ഭൂമി അളന്നു തരം മാറ്റി പുരയിടമാക്കി മാറ്റുന്നതിലേക്ക് അനുകൂല റിപ്പോർട്ട് നൽകുന്നതിനായി 5,000/- രൂപ കൈക്കൂലി വാങ്ങിയ എറണാകുളം ജില്ലയിലെ പുത്തൻവേലിക്കര കൃഷി അസിസ്റ്റന്റ് പ്രജിൽ ഇന്ന് (24.03.2023) വിജിലൻസ് പിടിയിലായി.

എറണാകുളം ജില്ലയിലെ, പുത്തൻവേലിക്കര സ്വദേശിയും, ഓസ്ട്രേലിയയിൽ ജോലി നോക്കി വരുന്നതുമായ പരാതിക്കാരന്റെയും, ഭാര്യയുടെയും പേരിൽ പുത്തൻവേലിക്കരയിലുള്ള നിലം നികത്തു ഭൂമി അളന്നുതിട്ടപ്പെടുത്തി പുരയിടമായി മാറ്റുന്നതിലേക്കായി കഴിഞ്ഞവർഷം അക്ഷയ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. ഈ വർഷം നാട്ടിലെത്തിയ പരാതിക്കാരൻ ഇക്കഴിഞ്ഞ ബുധനാഴ്ച പുത്തൻവേലിക്കര കൃഷി ഓഫീസറെ ചെന്ന് കണ്ടപ്പോൾ അദ്ദേഹം ഭൂമി അളന്നുതിട്ടപ്പെടുത്തുന്നതിനായി കൃഷി അസിസ്റ്റന്റ് പ്രജിലിനെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് ഇന്നലെ ഭൂമി അളന്നുശേഷം പ്രിജിൽ പരാതിക്കാരന്റെ മൊബൈലിലേക്ക് 5 കൈവിരൽ ഉയർത്തിയ വാട്സ്ആപ്പ് സന്ദേശം അയക്കുകയുണ്ടായി. ഇതേക്കുറിച്ച് വിളിച്ച് ചോദിച്ച പരാതിക്കാരനോട് നിലം നികത്തുഭൂമി പുരയിടമാക്കി മാറ്റുന്നതിലേക്ക് അനുകൂല റിപ്പോർട്ട് നൽകണമെങ്കിൽ 5,000/- രൂപ കൈക്കൂലിയായി നൽകണമെന്ന് പറഞ്ഞു. പരാതിക്കാരൻ ഈ വിവരം വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിൽ വിളിച്ച് അറിയിക്കുകയും, വിജിലൻസ് ആസ്ഥാനത്തെ ഇൻറെലിജൻസ് വിഭാഗം പോലീസ് സൂപ്രണ്ട് ശ്രീ. ഇ.എസ് ബിജുമോൻ പ്രജിലിനെ

ട്രാപ്പിൽപ്പെടുത്തുന്നതിന് എറണാകുളം വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ബാബുക്കുട്ടനെ ചുമതലപ്പെടുത്തുകയുണ്ടായി. തടർന്നു അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണി ഒരുക്കി ഇന്ന് (24.03.2023) രാവിലെ 11.00 മണിയോടെ പുത്തൻവേലിക്കര കൃഷി ഓഫീസിന് സമീപത്തുള്ള ബേക്കറിയുടെ പുറകിൽ വച്ച് പരാതിക്കാരിൽ നിന്നും 5,000/- രൂപ കൈക്കൂലി വാങ്ങിയപ്പോൾ പ്രജിലിനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്.

അറസ്റ്റ് ചെയ്ത കൃഷി അസിസ്റ്റന്റ് പ്രജിലിനെ ഇന്ന് (24.03.2023) മൂവാറ്റുപുഴ വിജിലൻസ് കോടതിയിൽ ഹാജരാക്കി.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ശ്രീ. ബാബുക്കുട്ടനെ കൂടാതെ പോലീസ് ഇൻസ്പെക്ടർമാരായ മധു, സാജു ജോസഫ്, സബ് ഇൻസ്പെക്ടർമാരായ സണ്ണി, ഹരീഷ് കുമാർ, മാർട്ടിൻ, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ ജയപ്രകാശ്, ഷിബു, ഉമേശ്വരൻ എസ്.സി.പി.ഓ മാരായ ജയദേവൻ, രതീഷ് കുമാർ, പ്രമോദ് കുമാർ, മനോജ്, ബിനീഷ്, പ്രജിത്ത് എന്നിവ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ജനങ്ങളോട് അഭ്യർത്ഥിച്ചു.